B2-22632/19

# വകുപ്പ് തല പരിശോധനാ റിപ്പോർട്ട്

## പട്ടികജാതി വികസന ഓഫീസ്, പട്ടാമ്പി ബ്ലോക്ക്, പാലക്കാട് ജില്ല

പരിശോധന കാലയളവ് : 01/04/2014 മുതൽ 31/03/2018 വരെ

പരിശോധന തീയതി : 23/09/2019 മുതൽ 28/09/2019 വരെ

പരിശോധന വിഭാഗം : ഡി സി & ഡി ഡി വിഭാഗം

സീനിയർ സൂപ്രണ്ട് : കെ. എസ്. സുദർശനൻ ആചാരി

ജൂനിയർ സൂപ്രണ്ട് : വി. എസ്. കൃഷ്ണകുമാർ

സീനിയർ ക്ലാർക്ക് : ഗോപകുമാർ ബി. കെ.

സീനിയർ ക്ലാർക്ക് : നിദീഷ് എം. എ.

പരിശോധനാ കാലയളവിൽ ആഫീസ് മേധാവികളായിരുന്നവരുടെ വിവരം
(പട്ടിക ജാതി വികസന ആഫീസർമാർ (ഗ്രേഡ്I)

| ക്രമ നമ്പർ | പേര് | കാലയളവ് | പെൻ നമ്പർ |
|---|---|---|---|
| 1 | ശ്രീ. കെ. രാജഗോപാൽ | 01.04.2014 മുതൽ 13.10.2016 വരെ | 226803 |
| 2 | ശ്രീ. എ. ആർ. സുധീർ | 14.10.2016 മുതൽ 20.11.2016 വരെ | വിരമിച്ചു |
| 3 | ശ്രീ. എം. വി. മുരളീധരൻ | 21.11.2016 മുതൽ 29.12.2017 വരെ | വിരമിച്ചു |
| 4 | ശ്രീ. ജോസഫ് ജോർജ് | 30.12.2017 മുതൽ 31.03.2018 വരെ | 453475 (അധിക ചുമതല) |

### ഭാഗംI

ആമുഖം

എ. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന

01/11/2015 മുതൽ 31/10/2016 വരെയുള്ള കാലയളവിലെ പരിശോധന 02/11/2016 മുതൽ 03/11/2016 വരെയുള്ള തീയതികളിൽ നടത്തി 29/11/2016-ലെ OA/HQ, IV/11/12/134/16-17-604 നമ്പർ കത്തു പ്രകാരം റിപ്പോർട്ടു ലഭ്യമാക്കിയതിനു പട്ടികജാതി വികസന ആഫീസർ മറുപടി നൽകിയിരുന്നു. ടി റിപ്പോർട്ടിൽ മുൻ റിപ്പോർട്ടുകളിലെ ചുവടെ ചേർക്കുന്ന ഖണ്ഡികകൾക്കു മറുപടി നൽകണമെന്നു നിർദ്ദേശിച്ചിരുന്നു.

1. OA/HQ/IV/11/12-144/12-13. പാർട്ട് II B-I, III.
2. OA/HQ/IV/11/12-249/14-15. പാർട്ട് II B-I, VIII.
3. OA/HQ/IV/11/12-152/15-16. പാർട്ട് II B-I, IX.

4. OA/HQ/IV/11/12-134/16-17 എന്നീ റിപ്പോർട്ടിലെ ഖണ്ഡികൾക്കു മറുപടി നൽകിയതായി കാണുന്നില്ല, അവശേഷിക്കുന്ന ഖണ്ഡികൾക്കു കൂടി സമയബന്ധിതമായി മറുപടി നൽകി ഫയൽ നടപടികൾ അവസാനിപ്പിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

ബി. വകുപ്പുതല പരിശോധന

01/02/2012 മുതൽ 31/03/2014 വരെയുള്ള കാലയളവിലെ പരിശോധന നടത്തി റിപ്പോർട്ട് ഫിൻ ബി2-18162/14 തീയതി 20/10/2014 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയതിനു 01/09/2015 പി. ബി. 1145/14 നമ്പർ കത്തു പ്രകാരം പട്ടികജാതി വികസന ആഫീസർ, ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി ലഭ്യമാക്കിയിരുന്നു. ആയതിനു 14/11/2015-ലെ ഫിൻ ബി-2- 18162/14 കത്ത് പ്രകാരം അവശേഷിക്കുന്ന ഖണ്ഡികൾക്ക് കൂടി മറുപടി ലഭ്യമാക്കണമെന്നു നിർദ്ദേശിച്ചിരുന്നു. എങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന ഖണ്ഡികൾക്കു കൂടി സമയബന്ധിതമായി മറുപടി ലഭ്യമാക്കി ഫയൽ നടപടികൾ തീർപ്പാക്കേണ്ടതാണ്.

01/04/2010 മുതൽ 31/01/2012 വരെയുള്ള കാലയളവിലെ പരിശോധന കുറിപ്പിനു (ഡയറക്ടറേറ്റിലെ ഫയൽ നമ്പർ അറിയുന്നതിനു ആമുഖ കത്തുകളൊന്നും ഫയലിൽ ലഭ്യമല്ല) 30/11/2015 ലെ പി. ബി. 122/12 നമ്പർ കത്തു പ്രകാരംജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി സമർപ്പിച്ചതായി കാണുന്നു. തുടർന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടി പരിശോധന കുറിപ്പു സംബന്ധിച്ച നിജസ്ഥിതി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

ഭാഗം II

A. ക്യാഷ്ബുക്കും/ ബിൽബുക്കും

1. CB-74/16-17 തീയതി 20/02/2017 പ്രകാരം 37500/-രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 375000/- രൂപ വരവ്/ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. അതായത് 3,37,500/- രൂപയുടെ വ്യത്യാസം കാണുന്നു. ന്യൂനത പരിഹരിക്കേണ്ടതാണ്.
2. EB-31/15-16 തീയതി 30/10/2015 പ്രകാരം 29628/-രൂപ തേർച്ച ചെയ്തിരിക്കുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 29678/- രൂപയുടെ ചെലവ് കാണിച്ചിരിക്കുന്നു. തുകയിൽ വ്യത്യാസം ഉണ്ടാകാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
3. EB-41/15-16തീയതി 10/03/2016 പ്രകാരം51975/-രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 51995/- രൂപ വരവ്/ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ന്യൂനത പരിഹരിക്കേണ്ടതാണ്.
4. CB-74/16-17പ്രകാരം 4/12/17 തീയതിയിൽ 10000/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ടി ബിൽ ട്രഷറി ഓഫീസിൽ പാസാക്കിയതായോ ഒബ്ജക്ട് ചെയ്തതായോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ക്യാഷ് ബുക്കിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നു. 19/12/17-ൽ ടി തുക വീണ്ടും മാറിയിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. CB- 74/16-17പ്രകാരം 4/12/17 തീയതിയിൽ 70000/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ടി ബിൽ പാസാക്കിയതായോ നിരസിച്ചതായോ കാണുന്നില്ല. എന്നാൽ ക്യാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 19/12/17-ൽ ടി തുക വീണ്ടും മാറിയിട്ടുള്ളതായി കാണുന്നു. ട്രഷറി രേഖകളുമായി ഒത്തു നോക്കി ടി ബിൽ രണ്ടു പ്രാവശ്യം മാറിയിട്ടില്ല എന്ന് ഉറപ്പ് വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

61/

B. അക്വിറ്റൻസ് രജിസ്റ്റർ (പ്രമോട്ടേഴ്സ്/അപ്രന്റിസ് ക്ലാർക്ക്)

1. CB-8/16-17 പ്രകാരം 05/07/2016 തീയതിയിൽ മാറിയ 59000/- രൂപ ഹോണറേറിയം ഇനത്തിൽ മാറുകയും ടി തുക 11/07/2016-ന് വിതരണം ചെയ്തതായും കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 05/07/2016-ന് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.അതായത് ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തി 6 ദിവസങ്ങൾക്ക് ശേഷംമാത്രമാണ് തുക വിതരണം ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

2. ജൂൺ 2017-ന് ശേഷം അക്വിറ്റൻസ് പരിപാലിക്കുന്നില്ല. ബാങ്ക് മുഖേന ട്രാൻസാക്ഷൻ നടത്തുന്ന സാഹചര്യത്തിൽ 'Credit Confirmation Statement' രജിസ്റ്ററിൽ പതിപ്പിച്ച് സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

C. അക്വിറ്റൻസ് രജിസ്റ്റർ(സ്റ്റാഫ്)

EB- 9/16-17പ്രകാരം 09/06/2016 തീയതിയിൽ സാലറി ഇനത്തിൽ മാറിയ 42360/- രൂപയിൽ ശ്രീമതി. ഓംജ റ്റി. കെ. യുടെ സാലറിയായ 22810/- രൂപ ടിയാരി ഒപ്പിട്ടു കൈപ്പറ്റിയതായി കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

D. അക്വിറ്റൻസ് രജിസ്റ്റർ(വേജസ്)

രജിസ്റ്റർ പേജ് നമ്പർ 14 മുതൽ 17 വരെയുള്ള രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. 2018 മാർച്ച് മാസത്തെ വേജസ് ബന്ധപ്പെട്ട ജീവനക്കാരൻ ഒപ്പിട്ടു കൈപ്പറ്റിയതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

E. DD രജിസ്റ്റർ

1. CB- 70/14-15പ്രകാരം വിദേശത്ത് തൊഴിൽ നേടുന്ന ധനസഹായ പദ്ധതി ഇനത്തിൽ 30/03/2015 തീയതിയിൽ മാറിയ 60000/- രൂപ രണ്ട് ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. രജിസ്റ്റർ പേജ് നമ്പർ 78 ൽ 2015-16 സാമ്പത്തിക വർഷം 4 ഗുണഭോക്താക്കൾക്കായി 50000/- രൂപ വീതം 200000/- രൂപ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ബിൽ നമ്പർ തുക മാറിയ തീയതി, പദ്ധതിയുടെ പേര്, വിതരണം ചെയ്ത തീയതി, തുടങ്ങിയ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ തുക വിതരണം പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

F. അക്വിറ്റൻസ് രജിസ്റ്റർ (പാരലൽ കോളേജ്)

1. രജിസ്റ്റർ പേജ് നമ്പർ 1ൽ CB- 16/14-15 തീയതി11/07/2014 പ്രകാരം മാറിയ 1091857/- രൂപയുടെ വിതരണം പരിശോധിച്ചതിൽ ക്രമനമ്പർ 5 ശ്രീ. രജിൽ എൻ. പി. എന്ന ഗുണഭോക്താവിന് അനുവദിച്ച 6425/- രൂപ കൈപ്പറ്റിയിട്ടില്ല. ടി തുക ചലാൻ നമ്പർ 78/തീയതി 13/01/2014 പ്രകാരം തിരിച്ചടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചലാൻ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. കൂടാതെ 11/07/2014 ന് മാറിയതുക 13/01/2014-ന് തിരിച്ചടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് തുക മാറിയ തീയതിയ്ക്ക് 6 മാസങ്ങൾക്കു മുമ്പേ തിരിച്ചടവ് നടത്തിയിരിക്കുന്നു. മേൽ പ്രകാരം CB- 24/14-15 തീയതി26/08/2014 പ്രകാരം മാറിയ

1396693/- രൂപയിൽ വിതരണം ചെയ്യാതെ അവശേഷിച്ച 36706/- രൂപ ചലാൻ നമ്പർ 73 തീയതി 13/01/2014 പ്രകാരം തിരിച്ചടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. പട്ടികജാതി വികസന ആഫീസർ 13/01/2014 തീയതി വ്ച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അതായത് തുക മാറിയതിനു മുൻപ് തിരിച്ചടവ് നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ചലാനുകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടുമില്ല. ടി തുക വിതരണം പരിശോധിച്ച് വ്യക്തമായ വിശദീകരണവും ചലാൻ പകർപ്പുകളും നൽകേണ്ടതാണ്.

2. CB- **69/14-15** തീയതി 30/03/2015 പ്രകാരം മാറിയ 2793896/- രൂപയിൽ വിതരണം ചെയ്യാതെ അവശേഷിച്ച 78568/- രൂപ ചലാൻ നമ്പർ 70 തീയതി 17/07/2015 പ്രകാരം തിരിച്ചടച്ചതായി കാണുന്നു. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## G. ചെലാൻ ഫയൽ

ചലാനുകൾ പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കുന്നതായി കാണുന്നില്ല. വൗച്ചറുകളുടെ കൂടെ ക്രമരഹിതമായി ചെലാനുകൾ സൂക്ഷിച്ചു വരുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ചലാനുകൾ പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പരിപാലിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## H. TR-5 രസീത് ബുക്കും അവയുടെ സ്റ്റോക്ക് രജിസ്റ്ററും

1. പഴയ മാതൃകയിലുള്ള **TR-5** രസീത് ബുക്കിലെ ഉപയോഗിക്കാത്ത പേജുകൾ റദ്ദ് ചെയ്ത് സൂക്ഷിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. സ്റ്റോക്ക് ബുക്ക് പരിപാലിച്ചു വരുന്നു. മറ്റ് പരാമർശങ്ങളില്ല.

## ഭാഗം III

## മറ്റു രജിസ്റ്ററുകൾ

## A. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

1. പരിശോധനാകാലയളവിൽ നിശ്ചിതമാതൃകയിലുള്ള ഡെസ്പാച്ച് കം-സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഒരു ബോണ്ട് ബുക്കാണ് സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററായി ഉപയോഗിച്ചു വരുന്നത്. ഇതിൽ സ്റ്റാമ്പിന്റെ അക്കൗണ്ടിംഗ് ശരിയായ രീതിയിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ദിവസത്തെയും സ്റ്റാമ്പിന്റെ ഓപ്പണിംഗ് ബാലൻസ്, സ്റ്റാമ്പ് ചെലവ്, ക്ലോസിംഗ് ബാലൻസ് എന്നിവ കൃത്യമായി എഴുതി വരുന്നില്ല. ദ്വൈവാര ഭൗതീക പരിശോധനാ സാക്ഷ്യപത്രം എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.
2. നിലവിലെ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പ്രകാരം 9/08/2016 ലെ സ്റ്റാമ്പിന്റെ ക്ലോസിംഗ് ബാലൻസ് 200/- രൂപയുടെ സ്റ്റാമ്പ് ആണ്. 11/08/2016 മുതൽ 30/08/2016 വരെയുള്ള കാലയളവിൽ 65/- രൂപയുടെ സ്റ്റാമ്പ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ 30/08/2016-ലെ സ്റ്റാമ്പിന്റെ ക്ലോസിംഗ് ബാലൻസ് 135/- രൂപ എന്നതിന് പകരം 140/- രൂപയെന്ന് രേഖപ്പെടുത്തി കാണുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.
3. 29/09/2016-ലെ സ്റ്റാമ്പിന്റെ ക്ലോസിംഗ് ബാലൻസ് 90/- രൂപയുടെ സ്റ്റാമ്പ് ആണ്. തുടർന്ന് 03/10/2016 മുതൽ 29/12/2017 വരെയുള്ള കാലയളവിൽ 66/- രൂപയുടെ സ്റ്റാമ്പ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ 29/12/2017-ലെ സ്റ്റാമ്പിന്റെ ക്ലോസിംഗ് ബാലൻസ്

63/

24/- രൂപയുടേത് എന്നതിന് പകരം 63/- രൂപയുടെ സ്റ്റാമ്പ് എന്ന് എഴുതിയിരിക്കുന്നു. ആയത് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

4. 29/12/17-ൽ രജിസ്റ്റർ പ്രകാരമുള്ള സ്റ്റാമ്പ് ബാലൻസ് 63/- രൂപയുടെതാണ്. തുടർന്ന് 18/01/2017 മുതൽ 17/03/2017 വരെയുള്ള കാലയളവിൽ 44/- രൂപയുടെ സ്റ്റാമ്പ് ഉപയോഗിച്ചിതായി കാണുന്നു. എന്നാൽ 17/03/2017-ന് 19/- രൂപയുടെ സ്റ്റാമ്പിന് പകരം 24/- രൂപയുടെ സ്റ്റാമ്പ് നീക്കിയിരിപ്പു കാണിച്ചിരിക്കുന്നു, ആയത് ക്രമീകരിക്കേണ്ടതാണ്.

5. തുടർന്ന് 17/03/2017 മുതൽ 31/03/2017 വരെയുള്ള കാലയളവിൽസ്റ്റാമ്പ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തികാണുന്നില്ല. ആയതിനാൽ സ്റ്റാമ്പിന്റെ ശരിയായ കണക്കുകൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല വിശദീകരണം നൽകേണ്ടതാണ്.

6. 17/09/2019-ന് ആകെ 726/- രൂപയുടെ സ്റ്റാമ്പ് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റാമ്പിന്റെ ഭൗതീക പരിശോധനയിൽ 727/- രൂപയുടെ സ്റ്റാമ്പ് നീക്കിയിരിപ്പുള്ളതായി കണ്ടു. ആയത് ക്രമീകരിക്കേണ്ടതാണ്.

B. ശമ്പള ബിൽ രജിസ്റ്റർ

പരിശോധനാ കാലയളവിൽ നിശ്ചിത മാതൃകയിലുള്ള ശമ്പളബിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പലതും ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ഈ കാലയളവിൽ രജിസ്റ്ററിലെ അനക്സർ III Form 51 സി യിൽ പേ ബില്ലുകളുടെ സംക്ഷിപ്തം എഴുതിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

C. കണ്ടിജന്റ് ബിൽ രജിസ്റ്റർ

നിശ്ചിത മാതൃകയിലുള്ള കണ്ടിജന്റ് ബിൽ രജിസ്റ്റർ പരിശോധനാ കാലയളിവിൽ പരിപാലിച്ചിട്ടില്ല. ഒരു ബോണ്ട് ബുക്കാണ് കണ്ടിജന്റ് രജിസ്റ്ററായി ഉപയോഗിച്ചിട്ടുള്ളത്. ഓരോ ശീർഷകത്തിലും ബാലൻസ് തുകയുടെ വിവരങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തികാണുന്നില്ല. 2017-18 മുതലുള്ള രജിസ്റ്ററിൽ പേജ് നമ്പർ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

D. രജിസ്റ്റർ ഓഫ് കംപ്യൂട്ടർ & അക്സസ്സറീസ്

ഒരു നോട്ടു ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. ഇതിലെ 6, 7, എന്നീ പേജുകളിലായി രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർഷാന്ത്യ ഭൗതീക പരിശോധനാ സാക്ഷ്യപത്രവും രേഖപ്പെടുത്തി വരുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

E. ഫർണിച്ചർ രജിസ്റ്റർ

നിശ്ചിത മാതൃകയിലുള്ള ഫർണിച്ചർ രജിസ്റ്റർ (KFC Form 18-Art. 150 (b) of KFC Vol I) പരിപാലിച്ചിട്ടില്ല. ഒരു ബോണ്ട് ബുക്കാണ് ഫർണിച്ചർ രജിസ്റ്ററായി ഉപയോഗിച്ചിട്ടുള്ളത്. നിലവിലുള്ള രജിസ്റ്ററിൽ 31/03/2013 വരെ മാത്രമേ ഭൗതീക പരിശോധനാ സാക്ഷ്യ പത്രം രേഖപ്പെടുത്തിക്കാണുന്നുള്ളു. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

F. ഓഡിറ്റ് ഒബ്ജഷൻ രജിസ്റ്റർ

ഓഡിറ്റ് ഒബ്ജഷൻ രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. Art. 63, KFC വാല്യം പ്രകാരമുള്ള ഓഡിറ്റ് ഒബ്ജഷൻ രജിസ്റ്റർ അടിയന്തിരമായി പരിപാലിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇൻകംബന്റ് രജിസ്റ്റർ,
ഇൻക്രിമെന്റ് രജിസ്റ്റർ,
സർവ്വീസ് ബുക്ക് രജിസ്റ്റർ,
ആസ്തി രജിസ്റ്റർ.
} എന്നിവ പരിപാലിച്ചു വരുന്നില്ല. അവ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

G. സേവന പുസ്തകങ്ങൾ

1. ശ്രീ. ശിവദാസൻ എം. വി.PEN -66785, ഓഫീസ് അറ്റൻഡന്റ്, Gr.I:-

സേവന പുസ്തകത്തിലെ പേജ് 8- ൽ- രേഖപ്പെടുത്തിയിട്ടുള്ള നോമിനേഷൻ, ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. ടിയാൻ 30/12/2008 മുതൽ 08/01/2009 വരെ 10 ദിവസം കമ്മ്യൂട്ടഡ് ലീവിലായിരുന്നു. ടി ദിവസങ്ങൾ ഏൺഡ് ലീവ് കണക്കാക്കിയതിൽ കുറവ് വരുത്തിക്കാണുന്നില്ല. ആയത് ക്രമീകരിയ്ക്കേണ്ടതാണ്.

2. ശ്രീമതി. ബാൽക്കിസ് കെ.-നഴ്സറി സ്കൂൾ ടീച്ചർ:-

സേവന പുസ്തകത്തിലെ പേഴ്സണൽ മെമ്മോറാണ്ടയിൽ ഒട്ടിച്ചിട്ടുള്ള ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല. പേജ് 5-ലെ കുടുംബവിവരങ്ങളും നോമിനേഷൻ സംബന്ധിച്ച വിവരങ്ങളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

ഭാഗം IV പദ്ധതികൾ

A. വിവാഹധന സഹായം

i. 2014-15 മുതൽ 2017-18 വരെ വിവാഹധനസഹായ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 142 | 7100000/- |
| 2015-16 | 120 | 5820000/- |
| 2016-17 | 128 | 6400000/- |
| 2017-18 | 94 | 6375000/- |

ii. നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററിൽ പല വിവരങ്ങളും പൂരിപ്പിച്ചിട്ടില്ല. ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ അർഹത മാന ദണ്ഡങ്ങൾ ആയ സർട്ടിഫിക്കറ്റ് വിവരങ്ങൾ ഒന്നും പൂരിപ്പിച്ചിട്ടില്ല. ചില പേജുകളിൽ വിവാഹത്തീയതി , അപേക്ഷാ തീയതി എന്നിവ പോലും പൂരിപ്പിച്ചിട്ടില്ല. 2014-15. 2015-16, വർഷങ്ങളിലെ രജിസ്റ്റർ വളരെ അലക്ഷ്യമായാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

iii. ശ്രീ. കുഞ്ചു (S/oചെക്കുട്ടി കള്ളാടിപ്പറ്റ) എന്ന ഗുണഭോക്താവിന് 21/03/2010-ൽ നടന്ന ടിയാളുടെ മകൾ ചിഞ്ചുവിന്റെ വിവാഹത്തിന് 50000/- രൂപ അനുവദിക്കുകയും എന്നാൽ കാർത്യായനി (w/o രാമൻ വിളയൂർ) ന് 8/11/2015 നടന്ന ടിയാളുടെ മകൾ സന്ധ്യയുടെ വിവാഹത്തിന് 20000/- മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സ.ഉ.(കൈ.) നമ്പർ 148/12/പജപവവിവ, തീയതി, 7/12/2012 പ്രകാരം

65/

വിവാഹധനസഹായം 01/04/2012 മുതൽ 20000/- രൂപയിൽ നിന്ന് 50000/- രൂപയായി വർദ്ധിപ്പിച്ച ഉത്തരവായിട്ടുണ്ട്. 21/03/2010 നടന്ന വിവാഹത്തിന് അധികത്തുക നൽകുകയും തുക വർദ്ധിപ്പിച്ചതിനുശേഷം 8/11/2015 നടന്ന വിവാഹത്തിന് വർദ്ധിപ്പിച്ച തുക നൽകാത്തതിനുള്ള കാരണം അറിയിക്കേണ്ടതാണ്. 21.3.2010-ൽ നടന്ന വിവാഹത്തിന് അധികത്തുക നൽകിയതിനുള്ള വിശദീകരണവും നൽകേണ്ടതാണ്.

B. മിശ്ര വിവാഹധന സഹായം

i. 2014-15 മുതൽ 2017-18 വരെ മിശ്ര വിവാഹധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരുടെ എണ്ണവും ചെലവഴിച്ച തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 7 | 350000/- |
| 2015-16 | 7 | 350000/- |
| 2016-17 | 12 | 600000/- |
| 2017-18 | 6 | 400000/- |

ii. നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റും, പേജ് നമ്പരും ഇല്ല. ചില പേജുകൾ പൂർണ്ണമായും പൂരിപ്പിച്ചിട്ടില്ല. പട്ടികജാതി വികസന ആഫീസർസാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവാഹ സർട്ടിഫിക്കറ്റ് തിരിച്ചു നൽകിയ വിവരവും യു.സി നൽകിയ വിവരവും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ വളരെ അലക്ഷ്യമായിട്ടാണ് കൈകാര്യം ചെയ്യുന്നത്. പല അപേക്ഷകരുടെയും ഒറിജിനൽ വിവാഹ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിക്കേണ്ടതും, ആനുകൂല്യം അനുവദിച്ചവരുടെ വിവാഹ സർട്ടിഫിക്കറ്റ് ഉടനെ തിരിച്ച് നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

C. സ്വയം തൊഴിൽ ധനസഹായ പദ്ധതി

i. സ്വയം തൊഴിൽ സംരംഭകർക്ക് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 8 | 641561/- |
| 2015-16 | 22 | 1596483/- |
| 2016-17 | 33 | 2444497/- |
| 2017-18 | 3 | 164000/- |

ii. ടി പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ പല അപേക്ഷകരുടെയും ഫോട്ടോ രജിസ്റ്ററിൽ ഒട്ടിച്ചതായി കാണുന്നില്ല. ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എ. ജി. യ്ക്ക് യു. സി. അയച്ചതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ പരിശോധിച്ചതിൽ പല അപേക്ഷയിലുമുള്ള എഗ്രിമെന്റുകൾ പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ലെന്നു കാണുന്നു. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. 2016-17 വർഷം ആനുകൂല്യം അനുവദിച്ചതിൽ ഭൂരിഭാഗം പേരും ഓട്ടോ വാങ്ങാൻ വേണ്ടിയാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്ന് കാണുന്നു. കൂടാതെ എല്ലാ പേരും ഒരേ സ്ഥാപനത്തിന്റെ ഇൻവോയ്സും, ഒരേ ആൾ തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ടുമാണ് ഹാജരാക്കിയിട്ടുള്ളത്. ഒരു വർഷം ഒരേ പ്രോജക്റ്റിന് ഇത്രയും പേർക്ക് ആനുകൂല്യം അനുവദിക്കുമ്പോൾ ഈ സംരംഭം വിജയിക്കാൻ സാധ്യതയുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ് എന്ന് അഭിപ്രായപ്പെടുന്നു.

D. <u>വിദേശതൊഴിൽ ധനസഹായ പദ്ധതി</u>

i. 2014-15 മുതൽ 2017-18 വരെ വിദേശ തൊഴിൽ ധനസഹായ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചവരുടെ എണ്ണവും ചെലവഴിച്ച തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 6 | 180000/- |
| 2015-16 | 28 | 810000/- |
| 2016-17 | 30 | 1220000/- |
| 2017-18 | 14 | 580000/- |

ii. പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും, വിസ സംബന്ധമായ ചിലവുകൾക്കുമായി 50000/- രൂപ അനുവദിക്കുന്നുണ്ട്. ടി ആഫീസിൽ നിന്നും രണ്ടു ഗഡുക്കളായി (30000+20000) രൂപ അനുവദിച്ചിട്ടുള്ളത്. ഭൂരിഭാഗം പേർക്കും ഒരു ഗഡു മാത്രമാണ് അനുവദിച്ചിട്ടുള്ളതാണെന്ന് കാണുന്നു. രണ്ടാം ഗഡു നൽകാത്തതിനുള്ള കാരണം അറിയിക്കേണ്ടതാണ്. യു. സി. അയച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. രജിസ്റ്ററിൽ ഒരു പേജിൽ പോലും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആനുകൂല്യം അനുവദിച്ച എല്ലാ ഗുണഭോക്താക്കളുടെ വിവരങ്ങൾ എഴുതിയ ശേഷം ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ പരിശോധിച്ചതിൽ ഒരു അപേക്ഷയിൽ പോലും എഗ്രിമെന്റ് വച്ചിട്ടുള്ളതായി കാണുന്നില്ല എന്നാൽ 35-ഓളം മുദ്രപത്രങ്ങൾ ഒന്നും എഴുതാതെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ഇത് ഗുരുതരമായ തെറ്റാണ്. ടി ഗുണഭോക്താക്കളുടെ എഗ്രിമെന്റ് അടിയന്തിരമായി വച്ച് പകർപ്പ് സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. എഗ്രിമെന്റ് വയ്ക്കാതെ മുദ്രപത്രങ്ങൾ സൂക്ഷിച്ചതും, എഗ്രിമെന്റ് വയ്ക്കാതെ ഒന്നാം ഗഡു തുക മാറി നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

67

E. ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി

i. 2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തിയാക്കിയവർ | ഇനിയും പൂർത്തിയാക്കാനുള്ളവർ |
|---|---|---|---|
| 2014-15 | 195 | 186 | 9 |
| 2015-16 | 160 | 145 | 15 |
| 2016-17 | - | | |
| 2017-18 | - | | |

ii. നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററിലെ ചില പേജുകളിൽ ഫോട്ടോ പതിപ്പിച്ചിട്ടില്ല. 2015-16 -ലെ രജിസ്റ്ററിൽ ഒരു പേജിൽ പോലും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർസാക്ഷ്യപ്പെടുത്തിയിട്ടില്ല. പേജുകൾ പൂർണ്ണമായും പൂരിപ്പിച്ചിട്ടില്ല. അപേക്ഷപരിശോധനയിൽ, ബ്ലാങ്ക് മുദ്രപത്രങ്ങളും പേരും വിലാസവും മറ്റു പൂരിപ്പിക്കാതെ ടൈപ്പ് ചെയ്ത എഗ്രിമെന്റുകളും കണാൻ ഇടയായി. എഗ്രിമെന്റ് വയ്ക്കാതെ തുക മാറി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. കേരളത്തെ സമ്പൂർണ്ണ ODF സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇനിയും പൂർത്തിയാക്കാതെ അവശേഷിക്കുന്നവരെ കൊണ്ട് അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

F. ചികിത്സാ ധനസഹായം

i. 2014-15 മുതൽ 2017-18 വരെചികിത്സാ ധനസഹായം നൽകുന്നതിനായി ചെലവഴിച്ചതുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 164 | 3590000/- |
| 2015-16 | 203 | 5191000/- |
| 2016-17 | 461 | 8977100/- |
| 2017-18 | 464 | 8323500/- |

ii. ചികിത്സാ ധനസാഹായം അനുവദിക്കുന്നവരുടെതായ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. അക്വിറ്റൻസ് തന്നെയാണ് രജിസ്റ്ററായി പരിപാലിച്ചിട്ടുള്ളത്. ടി രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് ഇല്ല. അക്വിറ്റൻസിൽ ഗുണഭോക്താവ് ഒപ്പ് ഇട്ടിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല ആയതിനാൽ ഓരോ തീയതിയിലും എത്ര ഗുണഭോക്താക്കൾക്ക്

ആനുകൂല്യം നൽകിയതെന്ന് കണ്ടെത്തുന്നതിനും വിതരണ വിവരം പരിശോധിക്കുന്നതിനും ബുദ്ധിമുട്ടാണ്. ചികിത്സാ ധനസഹായം അനുവദിക്കുന്നവരുടെ പേരു വിവരം, അനുവദിച്ച തുക, തീയതി ഏത് ഉത്തരവ് പ്രകാരമാണ് ധനസഹായം അനുവദിച്ചതെന്ന് ഉൾപ്പെടെയുള്ള വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്, ഫയലിൽ യു. സി. അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

G. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

i. 2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 95 | 253000/- |
| 2015-16 | 119 | 314000/- |
| 2016-17 | 111 | 276000/- |
| 2017-18 | 298 | 694500/- |

ii. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിപ്രകാരം ആനുകൂല്യ വിതരണം സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും പല വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. വളരെ അലക്ഷ്യമായിട്ടാണ് രജിസ്റ്റർ പരിപാലിക്കുന്നത് പേജ് സർട്ടിഫിക്കറ്റും പേജ് നമ്പരും ഇല്ല. ചില പേജുകളിൽ അബ്സ്ട്രാക്റ്റ് എഴുതിയിട്ടില്ല. കൂടാതെ ബിൽ വിവരങ്ങളോ ബിൽ മാറിയ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല, എ. ജി. യ്ക്ക് യു. സി. അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

H. SC പ്രമോട്ടേഴ്സിന്റെ വർക്ക് ഡയറി

നിശ്ചിത മാതൃകയിൽ അല്ല വർക്ക് ഡയറി എഴുതിയിട്ടുള്ളത്. വർക്ക് ഡയറി വെള്ള പേപ്പറിൽ എഴുതി സൂക്ഷിക്കുന്നതിനു പകരം ഒരു നോട്ട് ബുക്കിൽ എഴുതി സൂക്ഷിക്കേതാണ് സ.ഉ. (അച്ചടി) 36/2010/SCSTDD തീയതി, 28/07/2010 പ്രകാരം എല്ലാ പ്രമോട്ടർമാരും നിശ്ചിത മാതൃകയിൽ വർക്ക് ഡയറി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസവും ചെയ്ത ജോലിയുടെ ലഘു വിവരണം നൽകേണ്ടതാണ്. ഫീൽഡ് സന്ദർശനം എന്ന് മാത്രം രേഖപ്പെടുത്താതെ സന്ദർശിച്ച സ്ഥലം, ഉദ്ദേശം, പരിശോധന വിവരങ്ങൾ എന്നീ വിശദാംശങ്ങൾ നിർബന്ധമായി രേഖപ്പെടുത്തേണ്ടതാണ്. പ്രമോട്ടർമാർ പഞ്ചായത്ത്/നഗരസഭയിൽ ജോലി നോക്കിയ ദിവസങ്ങളിലെ ഹാജർ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്ന് വാങ്ങേണ്ടതാണ്. വർക്ക് ഡയറിയും, ഹാജർ സ്റ്റേറ്റ്മെന്റും എല്ലാ മാസവും അവസാന ദിവസം ബ്ലോക്ക് പട്ടികജാതി വികസന ആഫീസർക്ക് നൽകേണ്ടതും, ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ അവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

69/

I. (i) ഭൂരഹിത പുനഃരധിവാസ് പദ്ധതി

ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്കു ഭവനനിർമ്മാണത്തിനു ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | ചെലവഴിച്ച തുക |
|---|---|---|---|
| 2014-15 | 49 | 375000 | 18375000 |
| 2015-16 | 22 | 375000 | 8250000 |
| 2016-17 | 37 | 375000 | 13875000 |
| 2017-18 | 41 | 5X450000=2250000<br>33 X 375000=12375000<br>1 X 350000=350000<br>1 X 354579=354579<br>1 X 336015=336015 | 12,70,40,594 |

ii. ധനസഹായത്തിനുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ വിശദീകരണത്തിനായി ചുവടെ ചേർക്കുന്നു.

1. ശ്രീമതി. നീലി, w/o നീലകണ്ഠൻ, വെള്ളക്കടൽമ്മാരിൽ, മരുതുർ എന്ന അപേക്ഷയിൽ ടിയാളിന്റെ അപേക്ഷ സമയത്തെ പ്രായം 59 വയസ്സും ടിയാളിന്റെ വരുമാന സർട്ടിഫിക്കറ്റിൽ (നമ്പർ-10998735 തീയതി 26/03/2015 വില്ലേജ് ആഫീസർ, ഓണല്ലൂർ ) 64 വയസുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റേഷൻ കാർഡിന്റെ പകർപ്പ്/ ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഒന്നും തന്നെഅപേക്ഷയൊടൊപ്പം സൂക്ഷിച്ചിട്ടുമില്ല. പദ്ധതി പ്രകാരം നിശ്ചിത പ്രായപരിധിയ്ക്കു പുറത്തുള്ള ടി ഗുണഭോക്താവിന് ധനസഹായം അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യവും ആയതിന്റെ അനുമതി ഉത്തരവും ലഭ്യമാക്കേണ്ടതാണ്.

2. ശ്രീമതി. അനിത ഗോപിw/o ഗോപി ഉള്ളാട്ടുപ്പള്ളിയാലിൽ, മണ്ണങ്ങോട്ട് പി. ഒ. എന്ന ഗുണഭോക്താവ് വാങ്ങിയ വിളയൂർ വില്ലേജിലെ സർവ്വേ 59/11 (366/6) നമ്പരിലുള്ള ശ്രീ. കോപ്പുണ്ണി കരുവാൻ വക വസ്തു, കൊപ്പം സർവ്വീസ് സഹകരണ ബാങ്കിൽ 100000 രൂപയ്ക്കു പണയപ്പെടുത്തിയതായി കാണുന്നു. കട ബാദ്ധ്യതയുള്ള വസ്തു വാങ്ങുന്നതിന് അനുവാദം നൽകിയതു സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്.

3. ശ്രീ. അനിൽ കുമാർ റ്റി. തുപ്പിൽ വീട്, കൊണ്ടൂർ കര.

ശ്രീ. അഭിലാഷ് ,തുപ്പിൽ വീട്, കൊണ്ടൂർ കര, എന്നീ ഗുണഭോക്താക്കൾ 2014-15 വർഷത്തെ ഭൂമി വാങ്ങൽ പദ്ധതിയ്ക്കുള്ള ഗ്രാമ സഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്നുള്ള ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പറുടെ സാക്ഷ്യപത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതു ക്രമപ്രകാരമല്ലെന്നും അഭിപ്രായപ്പെടുന്നു. വിശദീകരണം നൽകേണ്ടതാണ്.

4. പരിശോധനാകാലയളിവിലെ എല്ലാ അപേക്ഷകരുടെയും ഫോട്ടോ രജിസ്റ്ററിൽ പതിപ്പിക്കുകയോ കരാർ ഉടമ്പടി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ന്യൂനതകൾ പരിഹരിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

5. പരിശോധനാകാലയളിവിലെ വിനിയോഗ സർട്ടിഫിക്കറ്റു ഏ. ജി. യ്ക്കു സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

J. ഭവന പുനഃരുദ്ധാരണ ധനസഹായ പദ്ധതി

i. അഞ്ചു വർഷത്തിലധികം പഴക്കമുള്ളതും പുനഃരുദ്ധാരണ പ്രവർത്തികൾ ആവശ്യമുള്ളതുമായ ഭവനങ്ങൾക്കു പുനഃരുദ്ധാരണ പ്രവർത്തികൾ നടത്തുന്നതിനു 50,000/- രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചവരുടെ എണ്ണം | പൂർത്തീകരിക്കാത്തവരുടെ എണ്ണം. |
|---|---|---|---|
| 2014-15 | 71 | 70 | 1 |
| 2015-16 | 67 | 66 | 1 |
| 2016-17 | 72 | 66 | 6 |

ii. പദ്ധതി പൂർത്തികരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

iii. 2014-15 വർത്തെ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ. രാമചന്ദ്രൻ, കെ. കെ. പറമ്പിൽ, മുതുമല എന്ന ഗുണഭോക്താവിനു അനുവദിച്ച ഒന്നാംഗഡു തുകയും രണ്ടാം ഗഡു തുകയും 12500 രൂപ വീതമാണു രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഗഡുക്കളുടെ തുക 25000/ രൂപ ആണെന്നിരിക്കെ രജിസ്റ്ററിലെ തെറ്റായ രേഖപ്പെടുത്തലുകൾ ക്രമപ്പെടുത്തി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. പരിശോധനാകാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് ഏ. ജി. യ്ക്കു സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

k. ഭവന നിർമ്മാണധനസഹായ പദ്ധതി

i. 2007-08 മുതൽ 2017-18 വരെയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തികരിച്ച വീടുകൾ | ബാക്കി | പൂർത്തികരിക്കാനുള്ള വീടുകൾ | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 118 | 110 | 8 | 2 | 1 | 5 |
| 2008-09 | 207 | 193 | 14 | 0 | 5 | 9 |
| 2009-10 | 50 | 42 | 8 | 1 | 2 | 5 |
| 2010-11 | 42 | 40 | 2 | 1 | 1 | 0 |
| 2011-12 | 44 | 33 | 11 | 4 | 3 | 4 |
| 2012-13 | 40 | 30 | 10 | 0 | 2 | 8 |
| 2013-14 | 42 | 20 | 22 | 0 | 7 | 15 |
| 2014-15 | 51 | 43 | 8 | 1 | 2 | 5 |
| 2015-16 | 53 | 47 | 6 | 3 | 0 | 3 |
| 2016-17 | 160 | 126 | 34 | 10 | 8 | 16 |
| 2017-18 | 118 | 63 | 55 | 12 | 18 | 25 |
| ആകെ | 925 | 747 | 178 | 34 | 49 | 95 |

പൂർത്തികരിക്കുവാനുള്ള വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ച വീടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റു എ. ജി. യ്ക്കു സമർപ്പിക്കേണ്ടതുമാണ്. ഗുണഭോക്തൃ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമായും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർസാക്ഷ്യപ്പെടുത്തേണ്ടതും രജിസ്ററിൽ ഫോട്ടോ പതിക്കാത്ത ഗുണഭോക്താക്കളുടെ ഫോട്ടോ ലഭ്യമാക്കി രജിസ്റ്ററിൽ പതിക്കേണ്ടതുമാണ്.

L. പഠനമുറി നിർമ്മാണം

i. പഠനമുറി നിർമ്മാണത്തിനു 2,00,000/രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം ആനുകൂല്യം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തികരിച്ചത് | ബാക്കി | പൂർത്തിയാക്കാനുള്ളവയുടെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2017-18 | 85 | 45 | 40 | 0 | 6 | 34 |

ii. അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിനായി

ചുവടെ ചേർക്കുന്നു.

(a) ചുവടെ ചേർക്കുന്ന അപേക്ഷകളോടൊപ്പം രക്ഷാകർത്താക്കളുടെ ജാതി സർട്ടിഫിക്കറ്റു മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റു കൂടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

1) പ്രത്യുഷ് കൃഷ്ണ, S/o പ്രദീപ്, കരിക്കോട്ടിൽ, വാടാനക്കുറിശ്ശി.

2) (ബി) സുനിത വി. ടി. D/oശ്രീധരൻ, വടക്കോട്ടു തൊടി, മരുതൂർ

(b) ചുവടെ ചേർക്കുന്ന അപേക്ഷകർ കരാർ ഉടമ്പടി വച്ചിട്ടില്ല.

1) (എ) ദൃശ്യ ചന്ദ്രൻ , D/o ചന്ദ്രൻ, കളിക്കുന്നു പറമ്പിൽ

2) (ബി) മേഘന, D/o ഉണ്ണികൃഷ്ണൻ, കുന്നും പുരത്ത്

3) (സി) അഭിജിത്ത് എം. പി., S/o ചന്ദ്രൻ, മഠത്തിൽ പടി.

4) (ഡി) അരുൺ വി, S/o കൃഷ്ണൻ, വേലൻ മാരിൽ, മരുതൂർ

(c) ഗുണഭോക്തൃ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ആഫീസർസാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്ററിൽ എല്ലാ ഗുണഭോക്താക്കളും ഫോട്ടോ പതിപ്പിച്ചിട്ടില്ല. കരാർ ഉടമ്പടി പട്ടികജാതി വികസന ആഫീസർസാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. പൂർത്തിയാക്കാത്ത പഠനമുറികൾ പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എ. ജി. ക്കു സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## M. വാത്സല്യ നിധി

പദ്ധതി പ്രകാരം 2017-18 വർഷം 107 അപേക്ഷകൾ ലഭിച്ചിരുന്നു. എല്ലാ അപേക്ഷകളും അപ് ലോഡ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രസക്ത വിവരങ്ങൾ അടങ്ങിയ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഭാഗം V
## വിദ്യാഭ്യാസ പദ്ധതികൾ

### A. ലംപ്സംഗ്രാന്റ്

i. പട്ടാമ്പി ബ്ലോക്ക് /നഗരസഭാപരിധിയിൽ നഴ്സറി സ്കൂൾ-1, എൽ. പി. സ്കൂൾ-56. യു. പി. സ്കൂൾ-17 ഹൈസ്കൂൾ -11 എന്നിങ്ങനെ 85 സ്കൂളുകൾ ഉണ്ട്. ഈ സ്കൂളുകളിൽ പരിശോധനാ കാലയളവിൽ ലംപ്സംഗ്രാന്റ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | ലഭ്യമല്ല | 2192725 |
| 2015-16 | 4263 | 2655491 |
| 2016-17 | 4215 | 2465130 |
| 2017-18 | 4225 | 2470630 |

ii. ലംപ്സംഗ്രാന്റ് രജിസ്റ്റർ പരിശോധനയ്ക്കു ലഭിച്ചില്ല. ലംപ്സംഗ്രാന്റ് രജിസ്റ്ററിൽ പൂർണ്ണമായി വർഷാടിസ്ഥാനത്തിൽ രേഖപ്പെടുത്തലുകൾ നടത്തി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

### (B) ശ്രീ. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

i. ശ്രീ. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

73

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2014-15 | 114 | 525000 |
| 2015-16 | 66 | 297000 |
| 2016-17 | 83 | 373500 |
| 2017-18 | 87 | 391500 |

ii. ഓരോ സാമ്പത്തിക വർഷവും മുൻവർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് അതാത് വർഷം പുതുക്കിയും പുതിയതായും ആനുകൂല്യം അനുവദിക്കുന്ന വിദ്യാർത്ഥികളുടെ വിവരം പ്രത്യേകമായി ഗുണഭോക്തൃ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. പരിശോധനാകാലളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് എ. ജി. യ്ക്കു സമർപ്പിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

C. പ്രൈമറി എയ്ഡ്

i. I മുതൽ IV വരെ ക്ലാസുകളിൽ പഠിക്കുന്ന സർക്കാർ/ എയ്ഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രതിവർഷം 2000 രൂപ ധനസഹായം അനുവദിക്കുന്ന പ്രകാരം പരിശോധനാ കാലയളവിലെ തുക വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2014-15 | 1605 | 3210000 |
| 2015-16 | 1607 | 3214000 |
| 2016-17 | 1647 | 3294000 |
| 2017-18 | 1681 | 3362000 |

ii. പരിശോധന കാലയളവിലെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധനയ്ക്കു ലഭിച്ചില്ല. സ്കൂളുകളിൽ നിന്നും പരിശോധന കാലയളവിലെ അക്വിറ്റൻസുകൾ ലഭ്യമാക്കി രജിസ്റ്ററിൽ ചേർത്തു വിവരം റിപ്പോർട്ടു ചെയ്യേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വിനിയോഗ സർട്ടിഫിക്കറ്റ് എ. ജി. യ്ക്കു സമർപ്പിക്കേണ്ടതുമാണ്.

(D ) സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

V മുതൽ VIII വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 2000 രൂപ പ്രതിവർഷം നൽകുന്ന 2017-18-ൽ ആരംഭിച്ച പദ്ധതി പ്രകാരം 2017-18 വർഷം 1578 വിദ്യാർത്ഥികൾക്കായി 3156000/- രൂപ വിതരണം ചെയ്തു. പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധനയ്ക്കു ലഭിച്ചില്ല. സ്കൂളുകളിൽ നിന്നും അക്വിറ്റൻസുകൾ ലഭ്യമാക്കി ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ വിനിയോഗ സർട്ടിഫിക്കറ്റ് എ. ജി. യ്ക്കു സമർപ്പിക്കേണ്ടതുമാണ്.

(E) അൺ എയ്ഡഡ് ഫീസ് റീ ഇംബേഴ്സ്മെന്റ്

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് I മുതൽ VII വരെ ക്ലാസുകളിലേക്ക് 1333/- രൂപയും VIII മുതൽ IX വരെ ക്ലാസുകളിലേക്ക് 2000/- രൂപയും റീ ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി 2016-17 വർഷം 177 വിദ്യാർത്ഥികൾക്കായി 2,59,286/ രൂപയും 2017-18 വർഷം 163 വിദ്യാർത്ഥികൾക്കായി

238623/- രൂപയും വിതരണം ചെയ്തു. പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ സ്കൂളുകളിൽ നിന്നും അക്വിറ്റൻസുകൾ ലഭ്യമാക്കി തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

F. പാരലൽകോളേജ് വിദ്യാഭ്യാസം

i. പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഗുലർ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക | മറ്റർഹ വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|
| 2014-15 | 385 | 2399052 | 6 | 39794 |
| 2015-16 | ഇല്ല | ഇല്ല | 14 | 90864 |
| 2016-17 | 405 | 2746475 | 30 | 204648 |
| 2017-18 | 338 | 2705486 | ഇല്ല | ഇല്ല |

ii. വിതരണം ചെയ്യാതെ തിരിച്ചടച്ച തുകയുടെ വിവരങ്ങൾ (ചലാൻ നമ്പർ, തീയതി) എന്നിവ രജിസ്റ്ററിൽ ചേർക്കേണ്ടതും. വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വഴി തുക വിതരണം ചെയ്തതിന്റെ ക്രെഡിറ്റ് അക്നോളജ്മെന്റ് രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഭാഗം VI

മറ്റുപദ്ധതികൾ

A. ഗാന്ധിഗ്രാമം കോളനി 2015

ഗാന്ധിഗ്രാമം പദ്ധതി പ്രകാരം ഡയറക്ടറുടെ 22/09/2015-ലെ പി2- 16619/13 നമ്പർ ഉത്തരവു പ്രകാരം പട്ടാമ്പി ബ്ലോക്കിലെ പൂക്കാടം കുന്നു പട്ടികജാതി കോളനി തെരെഞ്ഞടുത്തിരുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രമായിരുന്ന നിർവ്വഹണ ഏജൻസി. എസ്റ്റിമേറ്റു പ്രകാരമുള്ള പ്രവർത്തികളിൽ എട്ടെണ്ണം പൂർത്തീകരിച്ചതായി 29/07/2016-ൽ പട്ടികജാതി വികസന ആഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം ഏറ്റെടുത്ത കോളനിയിലെ നിർമ്മാണ്ണം പൂർത്തീകരിച്ചതു സംബന്ധിച്ച തുടർ വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

B. സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി

സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി പ്രകാരം പട്ടാമ്പി ബ്ലോക്കിലെ മുതുമല ഗ്രാമപഞ്ചായത്തിലെ നമ്പ്രം കോളനി തെരെഞ്ഞടുത്തിരുന്നു. FITആയിരുന്നു നിർവ്വഹണ ഏജൻസി. പദ്ധതി പ്രവർത്തികൾ നിർവ്വഹണ ഏജൻസി പൂർത്തീകരിച്ചു അന്തിമ ബിൽ സമർപ്പിച്ചതായി കാണുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി എസ്റ്റിമേറ്റ്സ് അനുസരിച്ച് അവ കൃത്യമായി നടപ്പിലാക്കിയെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം ഇതു സംബന്ധിച്ച പേയ്മെന്റുകൾ നൽകേണ്ടതാണ്.

## C. അംബേദ്കർ ഗ്രാമ വികസന പദ്ധതി 2016-17

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പട്ടാമ്പി ബ്ലോക്കിലെ തിരുവേഗപ്പുറം ഗ്രാമപഞ്ചായത്തിലെ മുല്ലശ്ശേരി കോളനിയും മുതുമല ഗ്രാമപഞ്ചായത്തിലെ കൈപറമ്പ്-കാരകുന്നു കോളനിയും തെരെഞ്ഞെടുത്തിരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർവ്വഹണ ഏജൻസി. പ്രവർത്തികളുടെ നിർമ്മാണ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. മുല്ലശ്ശേരി പട്ടികജാതി കോളനിയിൽ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ത്വരിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കേണ്ടതും അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് ഉറപ്പു വരുത്തി പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## D. വിജ്ഞാൻ വാടി

പട്ടാമ്പി മുൻസിപ്പാലിറ്റിയിലെ കള്ളിക്കാട് പട്ടികജാതി കോളനിയിൽ കേരള പോലീസ് ഹൗസിംഗ് കൺസ്രക്ഷൻ കോർപ്പറേഷൻ നിർമ്മിച്ചു 30/06/2015-ൽ കൈമാറിയ കെട്ടിടത്തിൽ വിജ്ഞാൻ വാടി പ്രവർത്തനം ആരംഭിച്ചിരുന്നു. നിലവിൽ കെട്ടിടം വിള്ളൽ വീണ് അപകടാവസ്ഥയിലാണ്. ടി വിവരം ജില്ലാ പട്ടികജാതി വികസന ആഫീസർക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്, കെട്ടിടത്തിന്റെ അപകടാവസ്ഥ പരിഹരിച്ച് വിജ്ഞാൻ വാടിയുടെ പ്രവർത്തനം പുനഃരാരംഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പരിശോധനാ കാലയളവിൽ വിജ്ഞാൻ വാടിയുടെ പ്രവർത്തനത്തിന് ആവർത്തന ചെലവുകൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പട്ടാമ്പി ബ്ലോക്ക് പരിധിയിൽ മറ്റു വിജ്ഞാൻവാടികൾ പ്രവർത്തിക്കുന്നില്ല.

## E. പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം

ഡയറക്ടറുടെ 07/07/2011-ലെ സി3-9503/11(1) നമ്പർ ഉത്തരവു പ്രകാരം പട്ടാമ്പി പ്രീ മെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായി. ടി കെട്ടിടം നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. ടി കെട്ടിടത്തിൽ വകുപ്പിന്റെ അനുയോജ്യമായ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനു ജില്ലാ പട്ടികജാതി വികസന ആഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

## F. STSBഅക്കൗണ്ട്

A/c No:720104140000044 സബ്ട്രഷറി പട്ടാമ്പി

ടി അക്കൗണ്ടിൽ 31/03/2018ലും പരിശോധനാവേളയിലും 1,39,687 രൂപ നീക്കി ബാക്കി ഉണ്ട്. ടി തുക വിതരണ ചെയ്യുവാൻ കഴിയാത്തപക്ഷം ഉടനെ തിരികെ അടച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

### പൊതു അഭിപ്രായം

പട്ടാമ്പി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം തൃപ്തി കരമല്ല. പദ്ധതികളുടെ ഫയലുകളും ഗുണഭോക്തൃ രജിസ്ററുകളും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വലിയ വീഴ്ച വന്നിട്ടുണ്ട്. പദ്ധതികൾ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിൽ കൂടുതൽ അവധാനത പുലർത്തേണ്ടതാണ്. പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിൽ പരിമിതമായ സ്ഥല സൗകര്യത്തിലാണ് പട്ടികജാതി വികസന ആഫീസ് പ്രവർത്തിക്കുന്നത്. പട്ടികജാതി വികസന ആഫീസിനു സൗകര്യ പ്രദമായ ആഫീസ് ലഭ്യമാക്കുന്നതിനു പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

സീനിയർ ഫിനാൻസ് ആഫീസർ